# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1851

17-03-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം മദർപോർട്ട് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്.തോമസ് :<br>ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. റ്റി.യു.കുരുവിള : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം മദർപോർട്ട് നിർമ്മാണം നവരത്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഊർജ്ജിതമാക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) നവരത്ന പദ്ധതികളുടെ കൂട്ടത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന പദ്ധതിയാണ് വിഴിഞ്ഞം തുറമുഖ പദ്ധതി. ടി പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി നേടിയെടുക്കുകയും തുടർന്ന് തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള പങ്കാളിയെ കണ്ടെത്തുന്നതിനുമുള്ള ടെണ്ടർ 2013 ഡിസംബർ 4 ന് പുറപ്പെടുവിക്കുകയുണ്ടായി. ഇതിൽ യോഗ്യത നേടിയ 5 കമ്പനികളിൽ 3 പേർ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ രേഖകൾ വാങ്ങുകയുണ്ടായി. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായിരുന്ന 2015 ഫെബ്രുവരി മാസം 20 ന് ആരും തന്നെ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ സമർപ്പിക്കാതിരുന്നതിനാൽ ടെണ്ടർ തീയതി 2015 മാർച്ച് 25 ലേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ വാങ്ങിയ കമ്പനികളുമായി നടന്ന പ്രീ-ബിഡ് ചർച്ചയിൽ കബോട്ടാഷ് നിയമത്തിലെ ഇളവ് ഉൾപ്പെടെയുള്ള ആശങ്കകൾ അവർ അറിയിക്കുകയുണ്ടായി. പ്രസ്തുത ആശങ്കകൾ ടെണ്ടർ നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്ന് പരിഹരിക്കുന്നതിനും ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിനും നിർമ്മാണം തുടങ്ങുന്നതിനുമായുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ